**21U250S** (Pages: 2) Name: …………………….

Reg. No: ………………….

**SECOND SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, APRIL 2022**

(CUCBCSS-UG)

**CC17U MAL2 08 (1) - മലയാളസാഹിത്യം II**

(Malayalam – Common Course)

(2017, 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

I. എല്ലാ ചോദ്യത്തിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. 'അതിചിന്ത വഹിച്ചത്' ആര്?
2. ഇവനെക്കൂടി എന്ന കവിത ആരെക്കുറിച്ച് എഴുതിയ കവിതയാണ്?
3. ആരുടെ കണ്ണുകളിൽ നിബിഡാന്ധകാരം നിറയുന്നു എന്നാണ് കവി പറയുന്നത്?
4. തപന്റെ അമ്മയുടെ പേരെന്ത്?
5. മുനിചെയ്ത മനോജ്ഞകാവ്യം ആരാണ് കേട്ടിട്ടുണ്ടാവുക?
6. മാമ്പഴം എന്ന കവിത എഴുതിയത് ആര്?
7. ജീവിതവും മരണവും നീതന്നെയെന്ന് കവി പറയുന്നത് ആരോടാണ്?
8. രാഗദ്വേഷങ്ങൾ - ഈ വാക്കിന്റെ അർത്ഥമെന്ത്?
9. കല ജീവിതംതന്നെ എന്ന് പറഞ്ഞത് ആര്?
10. ഭാരതപര്യടനം എന്ന കൃതി എഴുതിയത് ആര്?

**(10 × ½ = 5 Marks)**

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11. തപന്റെ അമ്മ ആദ്യമായി തലയുയർത്തി നടക്കാനിടയായ സാഹചര്യമെന്ത്?
12. ഹേമലത വീണ്ടും കാളിയായതെങ്ങനെ?
13. 'ഈയൊരു ദൗർബല്യം നീക്കിയാൽ യുധിഷ്ഠിരനിലുള്ള ഗുണങ്ങളെ വർണ്ണിക്കാൻ കാലംപോരാ' ഏതു ദൗർബല്യം?
14. പാരിസ്ഥിതിക കല പ്രതിബദ്ധത കാണിക്കേണ്ടത് എന്തിനോട്?
15. മഹാശ്വേതാദേവിയെ എം.എം. ബഷീർ അവതരിപ്പിക്കുന്നത് എങ്ങനെ?

**(5 × 2 = 10 Marks)**

III. നൂറ്റമ്പത് വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.

16. 'ഒരുവേള പഴക്കമേറിയാലിരുളും മെല്ലെ വെളിച്ചമായ് വരാം' - വ്യാഖ്യാനിക്കുക.
17. ഇതിഹാസത്തിലെ ശ്രേഷ്ഠനായ കഥാപാത്രമാണ് ദുര്യോധനൻ എന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നത് എങ്ങനെ?
18. 'അതാണ് നളിനിയെ നളിനിയാക്കി മാറ്റുന്നത്' - വ്യാഖ്യാനിക്കുക.
19. പ്രൊമിത്യൂസ് കൊണ്ടുവന്ന അഗ്നിയെ കെടാതെ സൂക്ഷിക്കലാണ് സ്വാതന്ത്ര്യം എന്നു പറയുന്നത് എന്തുകൊണ്ട്? വിശദീകരിക്കുക.
20. മുറ്റമടിക്കുമ്പോൾ എന്ന കവിതയിൽ അനാവൃതമാകുന്ന സമകാല സ്ത്രീജീവിതസമസ്യകൾ എന്തെല്ലാം?
21. പകലുകൾ രാത്രികൾ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
22. ചങ്ങമ്പുഴയുടെ ശവകുടീരത്തിനുമുമ്പിൽ ചിന്താഭാരത്തോടെയായിരുന്നു നിലകൊണ്ടത് എന്ന് എം.കെ.സാനു പറയാൻ കാരണമെന്ത്?

**(5 × 5 = 25 Marks)**

IV. മുന്നൂറ് വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. യുധിഷ്ഠിരൻ, ദുര്യോധനൻ എന്നീ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്നത് എങ്ങനെ?
24. പാരിസ്ഥിതികകലയുടെ സവിശേഷതകൾ എന്തെല്ലാമെന്നാണ് ജി.മധുസൂദനൻ വിവരിക്കുന്നത്?
25. ഹാസ്യത്തിന്റെ ഉല്പത്തിയെക്കുറിച്ച് എം.പി.പോൾ പറയുന്ന കാര്യങ്ങൾ ക്രോഡീകരിക്കുക.
26. പട്ടുപാവാട എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കകു.
27. സീതയുടെ അസാധാരണമായ ചിന്താലോകത്തെ കുമാരനാശാൻ അടയാളപ്പെടുത്തുന്നത് എങ്ങനെ?
28. ചങ്ങമ്പുഴ കൃഷ്ണപിള്ളയെക്കുറിച്ചുള്ള എം.കെ. സാനുവിന്റെ ചിന്തകൾ സംഗ്രഹിക്കുക.

**(4 × 10 = 40 Marks)**

*******